# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42 — 06.02.2013 ൽ മറുപടിയ്ക്ക്

## കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ചട്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. കെ. ദാസൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടും ചട്ടങ്ങളും അനുസരിച്ച് സഹകരണ സംഘങ്ങളിൽ അംഗത്വം നൽകാനുള്ള അവകാശം സംബന്ധിച്ച വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഭരണഘടന (97-)ം ഭേദഗതി) നിയമം, 2011 ലെ അനുഛേദം 243 ZO (2) പ്രകാരം സംഘത്തിന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനും, സംഘത്തിന്റെ സേവനങ്ങൾ ഉപയോഗിക്കുന്നതിലുമുള്ള മിനിമം മാനദണ്ഡങ്ങൾ നിശ്ചയിക്കുക വഴി അംഗങ്ങളെ സംഘത്തിന്റെ പ്രവർത്തനത്തിൽ/ഭരണത്തിൽ സജീവ പങ്കാളികളാക്കുന്നതിന് സംസ്ഥാന നിയമത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് അനുശാസിക്കുന്നുണ്ട്. ഇതനുസരിച്ചുള്ള ഭേദഗതികൾ സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) അഡ്മിനിസ്ട്രേറ്റർ നൽകുന്ന അംഗത്വം ഭരണസമിതി അംഗീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത അംഗത്തിന് ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുമോ; ഇത് സംബന്ധമായ സുപ്രീംകോടതിവിധി എന്തായിരുന്നു; വിശദമാക്കുമോ? | (ബി) ബഹു. സുപ്രീംകോടതി, 2009 ലെ 1930 മുതൽ 1936 നമ്പർ വരെയുള്ള സിവിൽ അപ്പീലുകളിന്മേൽ 09.05.2000 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ, സഹകരണ നിയമം വകുപ്പ് 32/33 പ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർക്കോ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കോ പുതിയ അംഗങ്ങളെ ചേർക്കുന്നതിനുള്ള അധികാരം ഇല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി സംഘത്തിൽ എന്തെങ്കിലും പ്രവർത്തന വൈകല്യങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുകയും അതോടൊപ്പം |

സംഘത്തിന്റെ പ്രവർത്തനം നിയമാനുസൃതം നടത്തിക്കൊണ്ടു പോകുന്നതിന് സംഘത്തെ പ്രാപ്തമാക്കുകയും ചെയ്യുകയെന്നതാണ് ടി അഡ്മിനിസ്ട്രേറ്ററുടെ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഉത്തരവാദിത്വം എന്നും ടി വിധിയിൽ പരാമർശിക്കുന്നുണ്ട്. തുടർന്ന് ബഹു. കേരള ഹൈക്കോടതി, ഒ.പി. നം.5821/2001 ൽ 06.03.2002 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ "അപേക്ഷകന് വായ്പ ലഭിക്കാൻ അർഹതയുണ്ടെങ്കിൽ അംഗമല്ലായെന്ന കാരണത്താൽ മാത്രം വായ്പ നിഷേധിക്കുവാൻ പാടില്ലായെന്നും, വായ്പ ഇടപാടുകൾ നടത്തേണ്ട ആവശ്യത്തിലേയ്ക്ക് അഡ്മിനിസ്ട്രേറ്റർക്ക് അപേക്ഷകന് സംഘത്തിൽ അംഗത്വം നൽകാവുന്നതാണെന്നും, തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ അംഗീകാരത്തോടുകൂടി മാത്രമേ അത്തരം അംഗങ്ങളെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ" എന്നും വ്യക്തമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ